## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1382 13.06.2014-ൽ മറുപടിയ്ക്ക്

### സാംസ്കാരിക രംഗത്തെ ഉണർവിനായി മിഷൻ 676 ൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ

ചോദ്യം

ശ്രീ. ലൂഡി ലൂയിസ്
" റ്റി.എൻ പ്രതാപൻ
" സണ്ണി ജോസഫ്
" എം. പി. വിൻസെന്റ്

മറുപടി

ശ്രീ. കെ.സി.ജോസഫ്
(ഗ്രാമവികസനവും, ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മിഷൻ 676 ൽ ഉൾപ്പെടുത്തി സാംസ്കാരിക രംഗത്ത് പുത്തൻ ഉണർവിനായി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | അനുബന്ധമായി ചേർക്കുന്നു. |
| (സി) | പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; | (സി) | മിഷൻ 676-ൽ ഉൾപ്പെടുത്താനുള്ള പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കുന്നതിലേയ്ക്കായി ബഹു. സാംസ്കാരിക വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 6/5/14-ന് സാംസ്കാരികവകുപ്പിന് കീഴിലുള്ള എല്ലാ വകുപ്പ്, സ്ഥാപനങ്ങളുടെ തലവന്മാരുടെ മീറ്റിംഗ് വിളിച്ച് കൂട്ടുകയും, നിലവിലുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിലേയ്ക്കായി ധനലഭ്യത ഉറപ്പ് വരുത്തുവാനും പുതിയ പദ്ധതികൾ സംബന്ധിച്ച വിശദമായ പ്രൊപ്പോസൽ നൽകാനും വകുപ്പ് തലവന്മാർക്ക് നിർദ്ദേശം നൽകി. |

| | | | |
|---|---|---|---|
| (ഡി) | പദ്ധതികൾ സമയബന്ധി തമായി നടപ്പാക്കാൻ ഭരണതല ത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ? | (ഡി) | പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് 2014-15 വർഷത്തെ പദ്ധതി വിഹിതം വിനിയോഗിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പ് കൂടുകയും അധികമായി ആവശ്യമായി വരുന്ന ഫണ്ട് SDG മുഖേന ലഭ്യത ഉറപ്പാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

Deep

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

സാംസ്കാരികരംഗത്ത്  ഉയിർത്തെഴുന്നേൽപ്പ്(മിഷൻ 676)

1. മലയാളം ഔദ്യോഗികഭാഷാ നിയമം നിയമമാക്കാൻ നടപടികൾ സ്വീകരിക്കും (100 ദിവസം)
2. മലയാളം അറബി സാഹിത്യോ ത്സവം സംഘടിപ്പിക്കും (100 ദിവസം)
3. അന്തർദ്ദേശീയ കാവ്യോത്സവം സംഘടിപ്പിക്കും (676 ദിവസം)
4. ടെന്റ് തിയേറ്റർ പദ്ധതി ആരംഭിക്കും (100 ദിവസം)
5. കായംകുളത്ത് കൃഷ്ണപുരം കാർട്ടൂണിസ്റ്റ് ശങ്കർ സ്മാരക കാർട്ടൂൺ മ്യൂസിയം പ്രവർത്തനം ആരംഭിക്കും (100 ദിവസം)
6. കിളിമാനൂരിൽ രാജാരവിവർമ്മ ആർട്ട് ഗാലറി ആരംഭിക്കും (100 ദിവസം)
7. 14 ജില്ലകളിലും വഴിയോര ശില്പങ്ങൾ (676 ദിവസം)
8. കണ്ണൂരിൽ ശ്രീകണ്ഠാപുരത്ത് കലാഗ്രാമം സ്ഥാപിക്കും (676 ദിവസം)
9. കോട്ടയം ജില്ലയിലെ വെള്ളാവൂർ ഫോക് ലോർ ഗ്രാമം പൂർത്തീകരിക്കും (676 ദിവസം)
10. സാംസ്കാരിക നിഘണ്ടു (2 വാല്യം) , ഭാഷാ നിഘണ്ടു, കമ്പ്യൂട്ടർ നിഘണ്ടു, വാദ്യകലാ നിഘണ്ടു എന്നിവ പ്രസിദ്ധീകരിക്കും (100 ദിവസം)
11. അംബേദ്കർ ഫൗണ്ടേഷൻ അനുവദിച്ച അംബേദ്കർ ചെയർ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ ആരംഭിക്കും (100 ദിവസം)
12. സർവ്വവിജ്ഞാനകോശം 8 - ാം വാല്യം പരിഷ്കരിച്ചത് പുറത്തിറക്കും(100 ദിവസം)
13. വിജ്ഞാനകോശം വാല്യങ്ങളുടെ ഉള്ളടക്കം കീവേർഡ് സേർച്ചിലൂടെ വിക്കി പീഡിയ മോഡലിൽ ലോകത്തുള്ള  മലയാളിക്ക് ലഭ്യമാകുന്ന പദ്ധതിയുടെ പൈലറ്റ് പ്രോജക്ട് 100 ദിവസത്തിനകം ആരംഭിക്കും
14. 5 മേഖലാ കേന്ദ്രങ്ങൾ ആരംഭിക്കുന്ന നടപടി പൂർത്തീകരിക്കും (100 ദിവസം)
15. രംഗകലാ മ്യൂസിയം പണി പൂർത്തീകരിച്ച് സജ്ജമാക്കും (676 ദിവസം)
16. കേരളത്തിനു  പുറത്തുള്ള മലയാളം പഠന കേന്ദ്രങ്ങളുടെ ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തീകരിക്കുന്നതിനും, സാമ്പത്തികസഹായം നൽകുന്നതിനും, നടപടി (100 ദിവസം)
17. പുതിയതായി ഇന്ത്യയ്ക്കുത്തും പുറത്തും പുതിയ മലയാളം പഠന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ നടപടി
18. കളിയും ചിരിയും വായനയും പ്രദാനം ചെയ്യുന്ന ഇന്ററാക്ടീവ് പുസ്തകങ്ങളുടെ 10 സെറ്റ് ഈ വർഷവും 25 സെറ്റ് പുസ്തകങ്ങൾ അടുത്ത വർഷവും പ്രസിദ്ധീകരിക്കുന്നതാണ്
19. ജില്ലാ തല പൈതൃകമ്യൂസിയങ്ങൾ 7 എണ്ണം പൂർത്തീകരിക്കും
20. കേന്ദ്ര സഹായത്തോടെ തിരുവനന്തപുരം കോയിക്കൽ കൊട്ടാരം മ്യൂസിയം, തൃപ്പൂണിത്തുറ ഹിൽപാലസ് മ്യൂസിയം, കോഴിക്കോട്  പഴശ്ശി മ്യൂസിയം എന്നിവയുടെ നവീകരണ പണികൾ പൂർത്തീകരിക്കും
21. മതിലകം രേഖകളുടെ  ഡിജിറ്റലൈസേഷൻ പൂർത്തീകരിക്കും (100 ദിവസം)

Dep. Section Officer

22. വട്ടിയൂർക്കാവിലെ സ്വാതന്ത്ര്യ സമര മെമ്മോറിയൽ 6 മാസത്തിനകം പൂർത്തീകരിക്കും

23. സ്വാതന്ത്ര്യ സമര ചരിത്ര മ്യൂസിയം തിരുവനന്തപുരത്ത് സ്ഥാപിക്കും

24. കേരളീയ കലകൾ ഇന്ത്യക്കകത്തും പുറത്തും പ്രചരിപ്പിക്കുന്നതിന് വിപുലമായ പദ്ധതികൾ

25. വൈക്കം സത്യാഗ്രഹ മ്യൂസിയവും ഗാന്ധി പ്രതിമയും വൈക്കത്ത് സ്ഥാപിക്കുന്നതിന് നടപടി

26. തകഴി സ്മാരകത്തിന്റെ പുതിയ കെട്ടിടം പണി പൂർത്തീകരിക്കും

27. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ വീടും സ്ഥലവും ഏറ്റെടുത്ത് സംരക്ഷിച്ച് സ്മാരകമാക്കുന്ന പദ്ധതി നടപ്പിലാക്കും

Dup SD